دي بي اس - مدرسة مونارك الدولية
**DPS-MONARCH INTERNATIONAL SCHOOL**

**PRE BOARD I EXAMINATION**

**SESSION: 2023-24**

**MALAYALAM (മലയാളം) CODE - 012**

**Grade: X** **Maximum Marks: 80**

**Date: 09.12.23** **Duration: 3 hrs.**

**General Instruction:**

**The question paper is divided into two sections:**

**Section A: Reading Comprehension (V.S.A.Q)**

**Vocabulary Building & Prose & Poetry M.C.Q) : 40 Marks**

**Section B: Grammar, Composition**

**Literature (Prose, Poetry & Supplementary) : 40 Marks**

## എ) വിഭാഗം / SECTION A

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിന്നും 1 മാർക്ക് വീതം) (8 X1=8)**

ആധുനികയുഗത്തിലെ ശക്തമായ കലാരൂപം സിനിമ തന്നെയാണ്. വിനോദരൂപം എന്ന നിലയിലും വിമർശന രൂപം എന്ന നിലയിലും സിനിമ സമൂഹത്തെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. 1896ലാണ് സിനിമ ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ചത്. 1913 ൽ പ്രദർശിപ്പിച്ച രാജ ഹരിചന്ദ്രയാണ് ആദ്യത്തെ കഥാചിത്രം. ദാദാസാഹിബ് ഫാൽക്കെയായിരുന്നു അത് നിർമ്മിച്ചത്. ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡ് അദ്ദേഹത്തിന്റെ

പേരിലാണ്.1955 സത്യജിത്ത് റേ പഥേർ പാഞ്ചാലി എന്ന ചിത്രവുമായി വന്നതോടെ ഇന്ത്യൻ സിനിമയ്ക്ക് മറ്റൊരു മുഖം കൂടി വന്നു ചേർന്നു. 1954 ദേശീയ തലത്തിൽ സിനിമയ്ക്ക് അവാർഡ് ഏർപ്പെടുത്തിയത് നല്ല സിനിമ ഉണ്ടാക്കാൻ കാരണമായി. സിനിമ വലിയ വിദ്യാഭ്യാസ ഉപാധി കൂടിയാണ്. കേട്ടു പഠിക്കുന്നതിനു പകരം കണ്ടുപഠിക്കുന്നതിനു കൂടി അവസരം ഒരുക്കുന്നു. രക്തചംക്രമണ വ്യവസ്ഥയെ കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രമാണ് ലോകത്തിലെ പ്രഥമ ബോധന ചിത്രം. സമൂഹത്തെ ബോധവൽക്കരിക്കുന്നതിന് ഡോക്യുമെന്ററികൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. പാരിസ്ഥിതിക ചൂഷണത്തിനെതിരെ ആനന്ദ് പടവർദ്ധൻ നിർമ്മിച്ചിട്ടുള്ള ഡോക്യുമെന്ററി കണ്ടാൽ സമൂഹവും സിനിമയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ കഴിയും.

**ചോദ്യങ്ങൾ**

(a) ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ച കഥാചിത്രം ഏതാണ്?

(b) ആധുനിക യുഗത്തിലെ ശക്തമായ കലാരൂപം ഏതാണ്?

(c) പഥേർ പാഞ്ചാലി എന്ന സിനിമ ആരാണ് നിർമ്മിച്ചത്?

(d) ഡോക്യുമെന്ററിക്കുള്ള പ്രാധാന്യം വളരെ വലുതാണ് ഏതിൽ?
[1. പരിസ്ഥിതിക ചൂഷണത്തിൽ 2. വിദ്യാഭ്യാസത്തിൽ 3. ദേശീയതലത്തിൽ 4. സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ]

(e) ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡ് ആരുടെ പേരിലാണ്?

(f) വദനം എന്ന വാക്കിന് സമാനപദമായി ഈ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

(g) സിനിമ എന്തിനാണ് അവസരം ഒരുക്കുന്നത്?

(h) രക്തചംക്രമണ വ്യവസ്ഥയെ കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രത്തിന്റെ പ്രത്യേകത എന്ത്?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും 1 മാർക്ക് വീതം) (7 X1=7)**

പുതിയ കാര്യങ്ങൾ സൃഷ്ടിക്കാനുള്ള കഴിവാണ് പ്രതിഭ. എല്ലാവർക്കും ഒരേ തരം കഴിവും അഭിരുചിയുമില്ല. ശാസ്ത്രജ്ഞർ, കലാകാരന്മാർ, ചിന്തകർ, പൊതുപ്രവർത്തകർ എന്നിങ്ങനെ വിവിധ മേഖലകളിൽപ്പെട്ടവർ ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് സമൂഹം സമൃദ്ധിയിലേക്ക് മുന്നേറുന്നത്. സത്യാഗ്രഹം എന്ന നൂതനമായ സമര രീതി കണ്ടെത്തിയ ഗാന്ധിജി സർഗശേഷിയുടെ ഏറ്റവും മികച്ച ഉദാഹരണം തന്നെയാണ്. ഉന്നതമായ ആത്മശക്തിയുള്ളവർക്ക് മാത്രമേ അഹിംസയുടെ സമരരീതി അവലംബിക്കാൻ ആകൂ എന്ന് ഗാന്ധിജി ലോകജനതയെ പഠിപ്പിച്ചു. ഷേക്സ്പിയർ, കാളിദാസൻ വാല്മീകി തുടങ്ങിയ മഹാകവികൾ ലോകചരിത്രത്തെത്തന്നെ സ്വാധീനിച്ചിട്ടുള്ളവരാണ്. മനുഷ്യ ജീവിതത്തിന്റെ ഉദാത്ത ഭാവങ്ങൾ സൃഷ്ടിച്ചുകൊണ്ട് തലമുറകൾക്ക് നന്മയിലേക്കുള്ള ചൂണ്ടുപലകയായി മഹാകവികളുടെ കൃതികൾ കാലങ്ങളോളം അചഞ്ചലമായി നിലകൊള്ളുന്നു. പ്രതിഭാശക്തിയാണ് കവിയുടെ ഏറ്റവും വലിയ സവിശേഷതയായി ചിന്തകന്മാർ ചൂണ്ടിക്കാണിക്കുന്നത്. മറ്റുള്ളവർ കാണാത്ത കാര്യങ്ങൾ കാണുവാനും പുതിയ ലോകവ്യവസ്ഥയെ കുറിച്ചുള്ള സങ്കല്പങ്ങളിൽ മുഴുകുവാനും കഴിഞ്ഞിട്ടുള്ളവരാണ് കാറൽമാക്സിനെ പോലെ വലിയ ചിന്തകന്മാരായി തീർന്നത്. ചാൾസ് ഡാർവിൻ, തോമസ് ആൽവ എഡിസൺ, ഐൻസ്റ്റീൻ, ഐസക് ന്യൂട്ടൻ തുടങ്ങിയ എത്രയോ ശാസ്ത്രജ്ഞന്മാർ പ്രകൃതി രഹസ്യങ്ങൾ അന്വേഷിച്ച് ത്യാഗനിർഭരമായ ഗവേഷണങ്ങൾ നടത്തിയത് കൊണ്ടാണ് നാം ഇന്ന് അറിവിന്റെ പ്രകാശഗോപുരത്തിൽ അഭിമാനത്തോടെ വസിക്കുന്നത്. പണത്തിനു വേണ്ടി അധ്വാനിക്കുന്ന തൊഴിലാളികൾ മാത്രമാകുവാൻ പരിശീലിപ്പിക്കുന്ന വിദ്യാഭ്യാസം അല്ല നമുക്ക് വേണ്ടത്. മനുഷ്യസംസ്കാരത്തിന് വേണ്ടി സ്നേഹത്തോടെ ധീരതയോടെ എന്തെങ്കിലും പ്രവർത്തിക്കുന്നവർ മാത്രമാണ് നാളെ അനുസ്മരിക്കപ്പെടുന്നത്. സ്നേഹവും പ്രതിഭയും ആണ് മഹത്വത്തിന്റെ ലക്ഷണങ്ങൾ. അത് മനുഷ്യന്റെ

സഹജസ്വഭാവം ആയതുകൊണ്ട് സർഗ്ഗശേഷി വിനിയോഗിച്ചുകൊണ്ട് ചെറിയ ജീവിതത്തെ അനശ്വരമാം തീർക്കുവാൻ നമുക്ക് ശ്രമിക്കാം

**ചോദ്യങ്ങൾ**

(a) സമൂഹം സമൃദ്ധിയിലേക്ക് മുന്നേറുന്നത് എപ്പോൾ?

(b) ഗാന്ധിജി ലോക ജനതയെ പഠിപ്പിച്ചത് എന്ത്?

(c) ഗാന്ധിജിയുടെ സർഗ്ഗശേഷിക്ക് ഉദാഹരണം ഏത്?

(d) കവിയുടെ ഏറ്റവും വലിയ സവിശേഷത എന്ത്?

(e) പ്രകൃതി രഹസ്യങ്ങൾ അന്വേഷിച്ച ശാസ്ത്രജ്ഞന്മാർ ആരൊക്കെ?

(f) മഹത്വത്തിന്റെ ലക്ഷണങ്ങൾ എന്ത്?

(g) ഖണ്ഡികയിൽ തന്നിരിക്കുന്ന അചഞ്ചലം എന്ന വാക്കിന്റെ വിപരീതം എന്ത്?

**3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക (7 X1=7)**

(a) അതിഥി എന്നതിന്റെ വിപരീതപദം ഏത്?

(സാതിഥി, വിതിഥി, വിതിഥേയൻ, ആതിഥേയൻ)

(b) അർത്ഥരഹിതമായത് - എന്നതിന്റെ ഒറ്റപ്പദം

(വിരർത്ഥകം, നിരർത്ഥകം, അരർത്ഥകം, സാർത്ഥകം)

(c) ക്ഷയം എന്ന പദത്തിന്റെ നാനാർത്ഥപദം അല്ലാത്തത് ഏത്?

(ഒരു രോഗം, പ്രതിഷ്ഠ, നാശം, ചെലവ്)

(d) ശുഭം എന്ന പദത്തിന്റെ അർത്ഥം ഏത്?

(കഴിഞ്ഞത്, ശരീരം, നശിക്കുക, കല്യാണം)

(e) താക്കോൽ എന്നതിന്റെ പര്യായപദം

(കുഞ്ചിക, അനുരാഗം, കാരാഗൃഹം, ബുദ്ധി)

(f) മാറോട് - എന്നത് പിരിച്ചെഴുതിയാൽ

(മാറോ + ഓട്, മാറ + ഓട്, മാറ് + ഒട്, മാറ് + ഓട്)

(g) ശബ്ദം - അബ്ദം ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.

(ദയ - ഭക്ഷണം, ജോലി - കൂലി, സ്വരം - വർഷം, ദുഃഖം - ശരീരം)

(h) നരാധമൻ എന്ന പദത്തിന്റെ എതിർലിംഗം എന്താണ്?

(നരാധമ, നരാധമനി, നരാധമത്തി, നരാധമണി)

(i) മലർക്കളം എന്ന പദം വിഗ്രഹിച്ചെഴുതിയാൽ

(മലരോടുള്ള കളം, മലർ ആകുന്ന കളം, മലർകൊണ്ടുള്ള കളം, മലരിലെ കളം)

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

(പ്രത്യഘാതം, പ്രത്യാഘതം, പ്രത്യാഘാതം, പ്രത്യാഘാധം)

**4. <u>തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക. ഓരോന്നിനും 2 മാർക്ക് വീതം</u> (9X2=18)**

(a) "ഓണക്കാലത്തുണരും ഞാൻ, തിരു -
വോണപ്പാട്ടുകളാണെൻ പാട്ടുകൾ"

(i) ആരുടേതാണീ വരികൾ?

(റഫീക്ക് അഹമ്മദ്, വൈലോപ്പിള്ളി ശ്രീധരമേനോൻ, കുമാരനാശാൻ, സന്തോഷ്എച്ചിക്കാനം,)

(ii) ഈ വരികൾ ഏത് കൃതിയിൽ നിന്നും എടുത്തതാണ്?

(മിന്നാമിന്നി, പച്ചക്കുതിര, വിട, വിത്തും കൈക്കോട്ടും)

(b) " ലക്ഷ്മിയുമസ്ഥിരയല്ലോ"

(i) ആർക്കാണ് അസ്ഥിരം?

(ഭാര്യയ്ക്ക്, മനുഷ്യർക്ക്, വഴിയാത്രക്കാർക്ക്, സുഹൃത്തുക്കൾക്ക്)

(ii) ഇത് ആരുടെ വാക്കുകളാണ്?

(ശ്രീരാമന്റെ, ലക്ഷ്മണന്റെ, ശത്രുഘ്നന്റെ, ഭരതന്റെ)

(c) “ഏവമോതിയിടരാർന്നു കണ്ണുനീർ

തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ”

(i) മൊഴി കുഴങ്ങിനിന്നത് ആര്**?**

(ദിവാകരൻ, സന്യാസിനി, നളിനി, കുമാരനാശാൻ)

(ii) ഇതെഴുതിയ കവിയുടേതല്ലാത്ത കൃതി ഏത്?

(പ്രരോദനം, പുഷ്പവാടി, വനമാല, വിചിത്രമാല)

(d) **“ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?**

(i) ആര് ആരോട് ചോദിച്ചു?

(ചാക്കുണ്ണി മത്തായിയോട്, വെള്ളായിയപ്പൻ പാറാവുകാരനോട്, മത്തായി ചാക്കുണ്ണിയോട്, പാറാവുകാരൻ വെള്ളായിയപ്പനോട്)

(ii) എവിടെ വച്ചാണീ സംഭാഷണം നടന്നത്?

(തീവണ്ടിയാപ്പീസിൽ വച്ച്, പാടവരമ്പത്ത് വച്ച്, ജയിലിൽ വച്ച്, ചവിട്ടടിപ്പാതയിൽ വച്ച്)

(e) "അങ്ങേയ്ക്കും ഭൂമി മുഴുവൻ നേടി എന്നുവച്ച് അഭിമന്യുവിനെ മറക്കാം. എന്നോടുകൂടി എല്ലാം മറന്നു സ്വസ്ഥമായിരിക്കാം”

(i) ഈ സംഭാഷണം ആരൊക്കെ തമ്മിലാണ് ?

(ദുര്യോധനനും - സഞ്ജയനും തമ്മിൽ, ദുര്യോധനനും - അശ്വത്ഥാമാവും തമ്മിൽ, അർജ്ജുനനും - ദ്രൌപതിയും തമ്മിൽ, അർജ്ജുനനും - ധർമ്മപുത്രരും തമ്മിൽ)

(ii) ഇത് ഏതു കൃതിയിൽ നിന്നും എടുത്ത സംഭാഷണമാണ്?

(രാജാങ്കണം, ഭാരതപര്യടനം, ഋഷിപ്രസാദം, വൃത്തശില്പം)

(f) “ഈനാശൂനും പൈലിക്കും പ്രാഞ്ചീസിനും റോസമ്മയ്ക്കും ഒക്കെ കിട്ടിയ പെട ഇന്നാട്ടില് ഏതെങ്കിലും പിള്ളേർക്ക് കിട്ടീട്ടുണ്ടോ?”

(i) ആരെക്കുറിച്ചാണ് ഈ സംഭാഷണത്തിൽ പറയുന്നത്?

(ചാക്കുണ്ണിയുടെ മക്കളെക്കുറിച്ച്, മത്തായിയുടെ മക്കളെക്കുറിച്ച്, വെള്ളായിയപ്പന്റെ മക്കളെക്കുറിച്ച്, സുകുമാരന്റെ മക്കളെക്കുറിച്ച്)

(ii) ഈ ചോദ്യം ആര് ആരോട് ചോദിച്ചു?

(ചാക്കുണ്ണി മത്തായിയോട്, മത്തായി ചാക്കുണ്ണിയോട്, മത്തായി കുഞ്ഞനത്തോട്, ചാക്കുണ്ണി സുകുമാരനോട്)

(g) “ആരാണു മുന്നിൽ, പുറത്തേക്കശാന്തനാ-

യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ”

(i) ആരുടെ വരികളാണിത്?

(ഇ. സന്തോഷ്കുമാർ, ഒ.വി. വിജയൻ, സന്തോഷ്എച്ചിക്കാനം, റഫീക്ക് അഹമ്മദ്)

(ii) എവിടെയാണ് ഈശ്വരൻ കാറ്റുകൊള്ളാനിറങ്ങിയത്?

(കോവിലിൽ, വിദ്യാലയമുറ്റത്ത്, ജില്ലാശുപത്രിക്കരികിൽ, പെരും മാളിൽ)

(h) "കരവിരലോടെ, ദീപക്കുറ്റികൾ

നാട്ടിയിരിപ്പൂ ..”

(i) ദീപക്കുറ്റികൾ നാട്ടിയിരിക്കുതാരാണ്?

(തുമ്പകൾ, നെയ്യാമ്പലുകൾ, നിലാവ്, നറുമുക്കുറ്റികൾ)

(ii) എന്തിനാണ് ദീപക്കുറ്റികൾ നാട്ടിയിരിക്കുന്നത്?

(ആർപ്പുവിളിക്കാൻ, വെറ്റില മുറുക്കാൻ, കവിതകൾ പാടാൻ, ഓണത്തപ്പനെ വരവേൽക്കാൻ)

(i) “തനിക്കുള്ള അനർഘമായ രത്നം പൊയ്പ്പോയാലും എതിരാളിക്ക് മൂലോച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക, പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ”

(i) ആരെയാണ് ഇവിടെ ‘ചെകുത്താൻ’ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?

(ദുര്യോധനനെ, ഭീമനെ, അശ്വത്ഥാമാവിനെ, വ്യാസനെ)

(ii) അനർഘമായ രത്നം എന്നത് എന്ത്?

(ചൂഡാമണി, ബ്രഹ്മശിരസ്സ്, ബ്രഹ്മശിരോസ്ത്രം, സമന്തപഞ്ചകം)

(j) “നാളെ ഞാൻ കടേല് വരില്ല്യ മൂപ്പരേ. കൊറച്ച് ദിവസത്തിക്ക് ഞാനില്ല്യ”

(i) ഈ വാക്കുകളിൽ നിഴലിക്കുന്ന ഭാവം?

(അത്ഭുതം, സങ്കടം, വാൽസല്യം, ദേഷ്യം)

(ii) കുറച്ച് ദിവസത്തേക്ക് കടയിൽ വരുന്നില്ല എന്ന് പറയുന്നത് എന്തുകൊണ്ട്?

(റേഡിയോ പണയം വച്ചതുകൊണ്ട്, തയ്ച്ചത് അളവു തെറ്റിയത് കൊണ്ട്, കുഞ്ഞ് മരിച്ചത് കൊണ്ട്, ബാറ്ററി തീർന്നത് കൊണ്ട്)

## <u>ബി വിഭാഗം / SECTION B</u>

**5 (a)<u>അംഗവാക്യം,അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക</u>(2X1=2)**

(i) സ്വർണ്ണ കമ്മലുകളും മാലകളും വളകളുമൊക്കെയായി ചെമ്പു മത്തായിയുടെ വ്യാപാരം കൊഴുത്തു.

(ii) അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്ന നീലി വഴിമാറി നിന്നു.

**5 (b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2X1=2)**

(i) ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവം ചുരുക്കം ചിലരായിരുന്നു അവരെല്ലാം.

(ii) വേദങ്ങൾ പ്രമാദമാണെങ്കിൽ ഞാൻ ശാശ്വതമായ അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു.

**5 (c) പ്രയോഗം മാറ്റുക** **(2X1=2)**

(i) ആ ദുഷ്ടന്മാർ കൊടുംക്രൂരത കാട്ടി, എന്റെ അച്ഛനെ വധിച്ചു.

(ii) പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി.

**5(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാക്കും വിധം സ്വന്തവാക്യത്തിൽ പ്രയോഗിക്കുക** **(2X1=2)**

(i) അന്ധാളിപ്പ് (ii) നിരർത്ഥകം (iii) അജ്ഞാതം

**6 (a) താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(5)**

ഗ്രന്ഥശാല എന്ന സർവ്വകലാശാല

Or

ഓണത്തിന്റെ സാമൂഹിക പ്രസക്തി

**(b)** യുവാക്കളുടെ കൂട്ടായ്മയായ 'നാട്ടുകൂട്ട'ത്തിന്റെ ശ്രമഫലമായി നഗരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്തവരെ അഭിനന്ദിച്ചുകൊണ്ട് ജില്ലാകളക്ടർ എന്ന നിലയിൽ അവർക്ക് **ഒരു കത്ത് തയ്യാറാക്കുക.** **(5)**

**(c)** അധ്യാപകദിനത്തോടനുബന്ധിച്ച് രാജ്യത്തെ മികച്ച അധ്യാപകനായി തെരഞ്ഞെടുക്കപ്പെട്ട നാട്ടിൻപുറത്തെ സാധാരണക്കാരനായ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർക്ക് ഗ്രാമത്തിന്റെ സ്നേഹാദരവും അഭിനന്ദനപ്രവാഹവും – **ഒരു പ്രതവാർത്ത തയ്യാറാക്കുക.** **(4)**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X3=6)**

(i) "മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തി വയ്ക്കുന്ന ഭയങ്കരയുദ്ധത്തെ എടുത്തു കാണിക്കാൻ വേണ്ടിയാണ് ഭാരത ഇതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തുപറയാൻ സംശയിക്കേണ്ടതില്ല". വ്യക്തമാക്കുക

(ii) പൊതിച്ചോറ് ബലിച്ചോറായി മാറുന്നതിന്റെ കഥയാണ് 'കടൽത്തീരത്ത്'. കഥയിലുടനീളം പ്രമുഖസ്ഥാനം വഹിക്കുന്ന പൊതിച്ചോറിനെ വിലയിരുത്തിക്കൊണ്ട് ഈ അഭിപ്രായത്തെ സമർഥിക്കുക.

(iii) എന്റെ കണക്കൊക്കെ തെറ്റിലോ മത്തായി മൂപ്പരേ - ചാക്കുണ്ണി ഇങ്ങനെ പറയാൻ കാരണമെന്ത്? സന്ദർഭം വ്യക്തമാക്കുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X3=6)**

(i) "പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു പാട്ടാണെന്നു
പഴിക്കാമിന്ന് പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും തന്നാവതു
വേഗമയയ്ക്കാൻ നോക്കാം. ഇവരറിയുന്നില്ലെന്നഭിമാനം!"

കവി ഇവിടെ ആവിഷ്കരിക്കുന്ന വിചാരങ്ങൾ എന്തെല്ലാമാണ്?

(ii) കരിമ്പടം, അമ്മവയറ്റത്തു പറ്റിക്കിടന്ന ചൂട്, കാച്ചെണ്ണ ചേരുന്ന ഗന്ധം, ഓലക്കൊടികൾ പുകയുന്നതിൻ മണം. ഈ ഓർമ്മകൾ മകനിലുണർത്തുന്ന വികാരവിചാരങ്ങൾ എന്തെല്ലാം?

അമ്മയുടെ സ്നേഹവാത്സല്യങ്ങളും കരുതലും ആവിഷ്കരിക്കുന്നതിന് ഈ പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്?

(iii) "പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും" - ദിവാകരൻ ഇങ്ങിനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X3=6)**

(i) "ആടുകടിച്ചു നോക്കാത്ത ഇലയില്ല എന്ന പഴമൊഴിപോലെ സ്വാമികൾ കൈവെച്ചുനോക്കാത്ത ശാസ്ത്രമേഖലകളില്ലായിരുന്നു." സ്വാമികൾ ഏതെല്ലാം ശാസ്ത്രമേഖലകളിലാണ് പ്രധാനമായി വ്യാപരിച്ചിരുന്നത്?

(ii) നാരായണഗുരുവിന് കേരളത്തിന്റെ സാമൂഹ്യചരിത്രത്തിൽ അവഗണിക്കാനാവാത്ത സ്ഥാനം ലഭിച്ചതിനു കാരണം എന്ത്?

(iii) അഹങ്കാരിയും, അഴിമതിക്കാരനുമായ ഉദ്യോഗസ്ഥന് സ്വാമികൾ നല്കിയ ഉചിതമായ പാഠം എന്ത്?

-------------------------------